LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്-19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/ 10,000/15,000/20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

മണലൂർ മണ്ഡലത്തിൽ വിദ്യാ തരംഗിണി പദ്ധതി

265 (1995) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ, ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായ വിദ്യാ തരംഗിണി പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

അതാത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകൻ സംഘത്തിലെ ' എ' ക്ലാസ്/' സി ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പക്കുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും ഒന്നിച്ച് പരിഗണിക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പാ ധനസഹായത്തിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

അപേക്ഷകൻ സംഘത്തിലെ 'എ' ക്ലാസ്/ 'സി' ക്ലാസ് മെമ്പർ ആയിരിക്കണം. ഒരു ഗുണഭോക്താവിന് 10,000 രൂപ വരെ മാത്രമേ അനുവദിക്കുകയുള്ളൂ. അർഹരായ വിദ്യാർഥികൾക്ക് പ്രസ്തുത സംഘം/ബാങ്ക് ലോൺ അനുവദിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റേജ് അധികാരികളുടെ സാക്ഷ്യപത്രം ആവശ്യമാണ്. ക്രമപ്രകാരമുള്ള അപേക്ഷകൾ ബാങ്ക്/സംഘം നിരസിക്കുന്ന പക്ഷം അപേക്ഷകന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരെ സമീപിക്കാം. വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴി അനുവദിക്കുന്നതു സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; (സർക്കുലർ നമ്പർ 22/2021, 25/2021). ഇതു കൂടാതെ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിക്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിശ്ചയിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 25-6-2021 മുതൽ 31-7-2021 വരെയാണ്.

(ഡി) ഈ പദ്ധതിയിലേയ്ക്ക് മണലൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽനിന്നും 771 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 379 പേർക്ക് ധനസഹായം നൽകുകയുണ്ടായി.

(ഇ) ഈ പദ്ധതി പ്രകാരം വായ്പ നൽകിയ മണലൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പട്ടിക നൽകാമോ; ഓരോ സ്ഥാപനവും എത്ര ലോൺ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

വായ്പ നൽകിയ സംഘം/ബാങ്കുകൾ-അറ്റാച്ച്മെന്റ് കണ്ടാലും.*

കെയർഹോം പദ്ധതി

266 (1996) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.